# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.67/PR/PIC/PHQ/18 Date :14.03.2018

---

## ഇന്റർനെറ്റ് പൈറസി മാഫിയ അറസ്റ്റിൽ

തെന്നിന്ത്യൻ സിനിമകളുടെ വ്യാജ പതിപ്പുകൾ പകർത്തി ഇന്റർനെറ്റ് വഴി പ്രചരിപ്പിച്ച് കോടികൾ സമ്പാദിച്ച തമിഴ് റോക്കേഴ്സ് പ്രധാന അഡ്മിൻ ഉൾപ്പെടെയുള്ളവരെ ആന്റി പൈറസി സെൽ അറസ്റ്റു ചെയ്തു. തമിഴ്നാട് വില്ലുപുരം സ്വദേശി കാർത്തി (24) കൂട്ടാളികളായ സുരേഷ് (24), ടി എൻ റോക്കേഴ്സ് ഉടമ പ്രഭു(24), ഡി വി ഡി റോക്കേഴ്സ് ഉമടകളായ തിരുനെൽവേലി സ്വദേശികൾ ജോൺസൺ(30), മരിയ ജോൺ (22) തുടങ്ങിയവരാണ് പിടിയിലായത്. തമിഴ് റോക്കേഴ്സ്. ടി എൻ റോക്കേഴ്സ് ,ഡി വി ഡി റോക്കേഴ്സ് തുടങ്ങിയ സൈറ്റുകളിൽ വരുന്ന പരസ്യങ്ങൾ കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിലാണ് ഇവരെ വലയിലാക്കാൻ കഴിഞ്ഞത്. വിവിധ സിനിമകൾ പൈറസി ചെയ്ത് Torrent site ആയ Tamilrockers.in, Tamilrockers.ac, Tamilrockers.me, Tamilrockers.co, Tamilrockers.is, Tamilrockers.us, Tamilrockers.ro" തുടങ്ങി 19 ഡൊമൈനുകളിൽ സിനിമകൾ അപ്‌ലോഡ് ചെയ്ത് ലക്ഷങ്ങളുടെ വരുമാനം സമ്പാദിച്ചു വരുകയായിരുന്നു.

പുതിയ മലയാള സിനിമകൾ ഉൾപ്പെടെ ഹിറ്റ് സിനിമകൾ വ്യാജമായി പകർത്തി ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്യുകയും ജനങ്ങൾ സന്ദർശിക്കുന്നത് അനുസരിച്ച് വിവിധ അഡ്വെർടൈസിങ് ഏജൻസി മുഖേന ഇവരുടെ അക്കൗണ്ടിലേയ്ക്ക തുക ലഭിക്കുകയും ചെയ്യും. ഉദ്ദേശം ഒരു ലക്ഷം മുതൽ രണ്ടുലക്ഷംരൂപ വരെയാണ് മാസവരുമാനം.ഒരു ഡോമൈൻ ഏതെങ്കിലും രീതിയിൽ ബ്ലോക്ക് ആയാൽ ഉടൻ തന്നെ മറ്റൊരു ഡോമൈനിൽ സിനിമകൾ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടി നിരവധി ഡോമൈനുകൾ ശേഖരിച്ചാണ് കുറ്റകൃത്യം നടത്തുന്നത്. തമിഴ് റോക്കേഴ്സ് ഉടമയായ കാർത്തിയുടേയും മറ്റും അക്കൗണ്ടുകൾ പരിശോധിച്ചപ്പോൾ ഒരു കോടിയിലധികം രൂപയുടെ വരുമാനം സിനിമാപൈറസി മുഖേന സമ്പാദിച്ചിട്ടുണ്ട്. ഡിവിഡി റോക്കേഴ്സ് ഉടമ 2015-16 കാലഘട്ടത്തിൽ അരക്കോടി രൂപയും ടി എൻ റോക്കേഴ്സ് ഉടമ 2016-17 കാലഘട്ടത്തിൽ 75 ലക്ഷം രൂപയും സിനിമാപൈറസി മുഖേന സമ്പാദിച്ചിട്ടുണ്ട്. ഇവരുടെ മറ്റ് അക്കൗണ്ടുകൾ സാമ്പത്തിക ശ്രോതസ്സുകൾ എന്നിവ പരിശോധിച്ചു വരികയാണ്.

പൈറസി നടത്താൻ ഉപയോഗിച്ച ലാപ്ടോപ്പ്, ഹാർഡ് ഡിസ്ക്, മൊബൈൽഫോൺ തുടങ്ങിയ ഉപകരണങ്ങളും പോലീസ് കണ്ടെടുത്തു. കമ്പ്യൂട്ടറിൽ ശരിയായ ഐപി മറച്ചുവെച്ച് വ്യാജ ഐപി ഉപയോഗിച്ചാണ് പൈറസി നടത്തിയിരുന്നത്. അതിനാൽ ഇവ പരിശോധിക്കുമ്പോൾ വിദേശങ്ങളിലാണ് ഇവരുടെ വിലാസങ്ങൾ കാണിച്ചിരുന്നത്. തമിഴ്നാട് വില്ലുപുരം കേന്ദ്രമാക്കി കാർത്തിയുടെ വീടാണ് തമിഴ്റോക്കേഴ്സിന്റെ പ്രവർത്തനകേന്ദ്രം. ഇത് കൂടാതെ വലിയ പൈറസി മാഫിയതന്നെ ഇതിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ വിവരങ്ങൾ ശേഖരിച്ചുവരികയുമാണ്.

ക്രൈംബ്രാഞ്ച് ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.കെ പ്രശാന്തൻ കാണിയുടെ നേതൃത്വത്തിൽ ഡിവൈ.എസ്.പി. രാഗേഷ് കുമാർ.വി, ഡിക്റ്ററ്റീവ് ഇൻസ്പെക്ടർ പി എസ് രാകേഷ്, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ രൂപേഷ് കുമാർ.ജെ.ആർ, സുരേന്ദ്രൻ ആചാരി, ജയരാജ്, അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർമാരായ സനൽകുമാർ, സുനിൽ കുമാർ, സിവിൽ പോലീസ് ഓഫീസർമാരായ ഹാത്തിം, സജി, സന്ദീപ്, സ്റ്റെർലിൻ രാജ് , ബെന്നി, അജയൻ, അദീൻഅശോക്, സുബീഷ്, ആദർശ്, സ്റ്റാൻലി ജോൺ, എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

*********